ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/77887/17/എച്ച്.എസ്.ഇ. തീയതി. 23/06/2017

## സർക്കുലർ

**വിഷയം** -ഹ.സെ.വി.- ഹയർ സെക്കൻഡറി കൊമേഴ്സ് പഠനത്തിന് സ്വതന്ത്ര സോഫ്റ്റ് വെയർ സംവിധാനങ്ങൾ ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

**സൂചന** - 1. 15.02.17-ലെ 48-ാമത് കരിക്കുലം കമ്മിറ്റി മീറ്റിംങ് തീരുമാനം.
2. 21.06.17-ലെ കരിക്കുലം സബ്കമ്മിറ്റി മീറ്റിംങ് തീരുമാനങ്ങൾ.

48-ാമത് സംസ്ഥാന കരിക്കുലം കമ്മിറ്റി യോഗതീരുമാനപ്രകാരം ഹയർ സെക്കൻഡറി തലത്തിൽ ഉടമസ്ഥാവകാശമുള്ള സോഫ്റ്റ് വെയറുകൾ പൂർണ്ണമായും മാറ്റി പകരം സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുള്ള താണ്. 21/06/2017 ന് ചേർന്ന കരിക്കുലം സബ്കമ്മിറ്റി മീറ്റിംങ്ങിൽ കൈക്കൊണ്ട തീരുമാനങ്ങളെ അടിസ്ഥാനമാക്കി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവി ക്കുന്നു.

- 2017-18 അദ്ധ്യയന വർഷത്തിൽ 12-ാം ക്ലാസ് അക്കൗണ്ടൻസി വിഷയത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകളിലും (Libre Office Calc, Libre Office Base, GNU khata) പഠിക്കാനുള്ള അവസരം കൂടി കുട്ടികൾക്ക് നൽകണം. മൂല്യനിർണ്ണയ ത്തിന് ഏതു ശ്രേണിയിൽ (ഉടമസ്ഥാവകാശമുള്ള സോഫ്റ്റ് വെയർ, MS Excel, MS Acces, Tally, സ്വതന്ത്ര സോഫ്റ്റ് വെയർ, Libre Office Calc, Libre Office Base, GNU khata ) പഠിച്ച കുട്ടിക്കും പരീക്ഷ അഭിമുഖീകരിക്കാവുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

- 2017-18 അദ്ധ്യയന വർഷത്തിൽ 11-ാം ക്ലാസ് അക്കൗണ്ടൻസി വിഷയത്തിലെ പഠനം പ്രൊപ്രൈറ്ററി സോഫ്റ്റ് വെയറുകളിൽ നിന്നും നിർബന്ധമായും സ്വതന്ത്ര സോഫ്റ്റ് വെയറികളിലേക്ക് മാറണം. ഇപ്രകാരം 2018-19 അദ്ധ്യയന വർഷം മുതൽ അക്കൗണ്ടൻസി വിഷയത്തിലെ പഠനം പൂർണ്ണ മായും സ്വതന്ത്ര സോഫ്റ്റ് വെയർ സംവിധാനത്തിലായിരിക്കണം.

...2/

- ഇതിലേയ്ക്കായി അദ്ധ്യാപകരെ സഹായിക്കുന്നതിന് ഐടി@സ്കൂൾ പ്രോജക്ട് ഡിജിറ്റൽ ഹാൻഡ്ബുക്ക് തയ്യാറാക്കുന്നതും, എല്ലാ ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും ഐടി@സ്കൂളിന്റെ നേതൃത്വത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നതുമായിരിക്കും.

- 21/07/2016 ലെ ഐടി വകുപ്പ് സെക്രട്ടറിയുടെ ഐടി സെൽ2/701/2015/ഐടിഡി നമ്പർ സർക്കുലർ അനുസരിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്ന കമ്പ്യൂട്ടറുകളിലും ലാപ്ടോപ്പുകളിലും ലൈസൻസില്ലാത്ത സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യാനോ ഉപയോഗി ക്കാനോ പാടില്ലെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ആയത് എല്ലാ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരും ശ്രദ്ധിക്കേണ്ടതാകുന്നു.

മേൽ നിർദ്ദേശങ്ങളെല്ലാം തന്നെ കർശനമായും നടപ്പിലാക്കുന്നുണ്ടെന്ന് എല്ലാ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**ഡയറക്ടർ (i/c)**